2026
July
20
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ജിയോയുടെ ഉപഗ്രഹ ശൃംഖലയ്ക്ക് കേന്ദ്രാനുമതി

**ന്യൂഡൽഹി:** റിലയൻസ് ജിയോയുടെ ലോ എർത്ത് ഓർബിറ്റ് ഉപഗ്രഹങ്ങൾ വിന്യസിക്കാനുള്ള പദ്ധതിക്ക് കേന്ദ്ര സ്പേസ് റെഗുലേറ്ററായ ഇൻസ്പേസിന്റെ സാങ്കേതിക അനുമതി ലഭിച്ചു. ഭൂമിയോട് അടുത്ത ഭ്രമണപഥത്തിൽ 1,600ലധികം ഉപഗ്രഹങ്ങൾ വിന്യസിക്കാനുള്ള ജിയോയുടെ പ്രൊപ്പോസൽ സാങ്കേതികമായി മികച്ചതാണെന്നും ആഗോള സംവിധാനങ്ങളായ സ്റ്റാർലിങ്കിന് ഒപ്പത്തിനൊപ്പം നിൽക്കുന്നതാണെന്നും ബഹിരാകാശ നിയന്ത്രണ ഏജൻസിയായ ഇൻസ്പേസ് വിലയിരുത്തി.

ഇന്ത്യൻ നാഷണൽ സ്പേസ് പ്രൊമോഷൻ ആൻഡ് ഓതറൈസേഷൻ സെൻറർ (ഇൻ സ്പേസ്), ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐഎസ്ആർഒ), ടെലികോം ഡിപ്പാർട്ട്മെൻറിന് കീഴിലുള്ള വയർലെസ് പ്ലാനിംഗ് ആൻഡ് കോഓർഡിനേഷൻ (ഡബ്ല്യുപിസി) വിംഗ് എന്നിവർ സംയുക്തമായാണ് വിലയിരുത്തൽ നടത്തിയത്.

ഭൂമിയിൽ നിന്ന് ഏകദേശം 650 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിൽ 1,600 ഉപഗ്രഹങ്ങൾ വിന്യസിക്കാനാണ് ജിയോ ലക്ഷ്യമിടുന്നത്. ഈ അനുമതിയെത്തുടർന്ന്, ഓർബിറ്റൽ സ്ലോട്ടുകൾ (ഉപഗ്രഹ ഭ്രമണപഥങ്ങൾ) സുരക്ഷിതമാക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള ഈ കമ്പനിക്ക് ആവശ്യമായ നിയന്ത്രണപരമായ പിന്തുണ നൽകാൻ സർക്കാ



രിന് കഴിയും.

ഇൻറർനാഷണൽ ടെലികമ്യൂണിക്കേഷൻസ് യൂണിയൻ ഫയലിംഗുകൾക്കും മറ്റ് കന്പനികളുമായുള്ള ഏകോപനത്തിലൂടെയുള്ള ഭ്രമണപഥ അവകാശങ്ങൾക്കും വേണ്ടി കമ്പനി നേരത്തേ സർക്കാരിന്റെ സഹായം തേടിയിരുന്നു.

ദേശീയ സുരക്ഷയ്ക്കും തന്ത്രപ്രധാനമായ പ്രതിരോധ ആവശ്യങ്ങൾക്കും നിർണായകമായ, ഇന്ത്യയുടെ ആദ്യത്തെ പ്രാദേശിക ലിയോ ഉപഗ്രഹ ശൃംഖല സ്ഥാപിക്കുന്നതിന് ഈ നീക്കം വഴിതുറക്കും. നിലവിൽ പതിനായിരത്തിലധികം ഉപഗ്രഹങ്ങളുമായി ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്റ്റാർലിങ്കാണ് ലിയോ മേഖല ഭരിക്കുന്നത്. എന്നാൽ, വർധിച്ചുവരുന്ന ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വിദേശ ഉപഗ്രഹ കമ്പനികളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ വിവിധ രാജ്യങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്.

ഇന്ത്യയിലുടനീളം സെക്കൻഡിൽ 4.5 മുതൽ 5 ടെറാബിറ്റ് വരെ അതിവേഗ ഡാറ്റാ ശേഷി നൽകാൻ ഈ ശൃംഖലയ്ക്ക് സാധിക്കും. നിലവിൽ ഇന്ത്യയിൽ അനുമതിയുള്ള സ്റ്റാർലിങ്കിന് സെക്കൻഡിൽ 600 ഗിഗാബിറ്റ് ശേഷിക്ക് അനുമതിയുണ്ട്. ആമസോൺ ലിയോ ഇന്ത്യലുടനീളം സെക്കൻഡിന് 3 ഗെറാബിറ്റ് ശേഷിയാണ് ലക്ഷ്യമിടുന്നത്.

എന്നാൽ ആമസോണിന് അനുമതി ലഭിച്ചിട്ടില്ല. ഇവയേക്കാൾ ഉയർന്ന ശേഷിയാണ് ജിയോ വാഗ്ദാനം ചെയ്യുന്നത്. അടുത്ത 2 മുതൽ 3 വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കാനാണ് റിലയൻസ് ഉദ്ദേശിക്കുന്നത്. ഏകദേശം 10 ബില്യൺ മുതൽ 15 ബില്യൺ ഡോളർ വരെയാണ് (ഏകദേശം 96,000 കോടി മുതൽ 1.44 ലക്ഷം കോടി രൂപ വരെ) ഇതിന്റെ ചെലവ് പ്രതീക്ഷിക്കുന്നത്.

ഫിക്സഡ് സാറ്റലൈറ്റ് സർവീസസ്, സെല്ലുലാർ ബാക്ക്ഹോൾ എന്നിവയ്ക്ക് പുറമെ സാധാരണ മൊബൈൽ ഫോണുകളിലേക്ക് നേരിട്ട് സാറ്റലൈറ്റ് കണക്റ്റിവിറ്റി നൽകുന്ന ഡയറക്ട്ടുഡിവൈസ് സേവനവും പദ്ധതി വഴി ജിയോ ലക്ഷ്യമിടുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി രാജ്യത്തുടനീളം 20 മുതൽ 22 വരെ ഗ്രൗണ്ട് സ്റ്റേഷനുകൾ ജിയോ സ്ഥാപിക്കും.

വാണിജ്യ ആവശ്യങ്ങൾക്ക് പുറമെ രാജ്യത്തിന്റെ സുരക്ഷാപ്രതിരോധ മേഖലകൾക്കും ഈ തദ്ദേശീയ ശൃംഖല വലിയ കരുത്താകും. വിദേശ ഉപഗ്രഹ കമ്പനികളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ഇത് സഹായിക്കുമെന്ന് ഇൻസ്പേസ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

# നിക്ഷേപ സൗഹൃദ റാങ്കിങ്: ഗുജറാത്ത് ഒന്നാംസ്ഥാനത്ത്, കേരളം 17ാമത്

## തൊഴിൽ സമരം കേരളത്തിന് വെല്ലുവിളി

**ന്യൂദൽഹി:** നിതി ആയോഗിന്റെ പ്രഥമ നിക്ഷേപക സൗഹൃദ സൂചികയിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും പട്ടികയിൽ കേരളം 17-ാമത്. സംസ്ഥാനങ്ങൾ മാത്രം പരിഗണിച്ചാൽ കേരളത്തിന്റെ റാങ്ക് 15 ആണ്. ഒന്നാമതുള്ള ഗുജറാത്തിന്റെ സ്കോർ 56.6 ആണെങ്കിൽ കേരളത്തിന്റേത് 46.6 ആണ്.

രാജ്യത്തെ വലിയ 17 സംസ്ഥാനങ്ങളുടെ പട്ടികയിൽ 12-ാമതാണ് കേരളം. സ്കോർ 45 മുതൽ 50 വരെയുള്ള ഫ്രണ്ട്റണ്ണേഴ്സ് എന്ന രണ്ടാം നിരയിലാണ് കേരളം. 50ന് മുകളിൽ സ്കോറുള്ള സംസ്ഥാനങ്ങളാണ് ടോപ് പെർഫോമേഴ്സ്. കഴിഞ്ഞ ബജറ്റിലാണ് നിക്ഷേപ സൗഹൃദ സൂചിക പ്രസിദ്ധീകരിക്കുമെന്ന പ്രഖ്യാപനം കേന്ദ്രം നടത്തിയത്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അടിസ്ഥാനസൗകര്യങ്ങളും പരിസ്ഥിതി സ്ഥിരതയുമാണ് കേരളത്തിന്റെ പ്രധാന മേന്മകളായി നിതി ആയോഗ് ചൂണ്ടിക്കാട്ടുന്നത്. വൈദ്യുതി ഉൽപാദനത്തിൽ പുനരുപയോഗ ഊർജത്തിന്റെ ഉയർന്ന വിഹിതവും മെച്ചപ്പെട്ട വൈദ്യുതി ലഭ്യതയും പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

കൊച്ചി, കൊല്ലം, കോഴിക്കോട് അടക്കമുള്ള നഗരങ്ങളിലെ മെച്ചപ്പെട്ട വായു ഗുണനിലവാരം, ഭൂകമ്പ സാധ്യതയിലെ കുറവ് തുടങ്ങിയവയും കേരളത്തിലെ നിക്ഷേപക അന്തരീക്ഷത്തിനു ഗുണകരമാകും. അതേസമയം, തൊഴിൽ സമരങ്ങൾ, കാർഷിക സംഭരണശാലകളുടെയും ശീതീകരിച്ച വെയർഹൗസുകളുടെയും ദൗർലഭ്യം, കേരളത്തിൽ നിന്നുള്ള സ്കിൽഡ് ജോലിക്കാരുടെ വിദേശകുടിയേറ്റം അടക്കം വെല്ലുവിളികളാണെന്ന് നിതി ആയോഗ് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി നിലവിലെ ബിസിനസുകൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കേണ്ടതും പ്രധാനമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

വൃത്തിയുള്ള റോഡ് കണക്ടിവിറ്റി, വ്യവസായങ്ങൾക്കുള്ള ഏകജാലക സംവിധാനം, ഡിജിറ്റൽ അടിസ്ഥാനസൗകര്യം, ഐടി പാർക്കുകൾ, 4 രാജ്യാന്തര വിമാനത്താവളങ്ങൾ എന്നിവ കേരളത്തിന്റെ കരുത്തായും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ബിസിനസ് അന്തരീക്ഷം മെച്ചപ്പെടുത്താനായി കേരളം ആസ്തിവികസനച്ചെലവ് (കാപെക്സ്) വർധിപ്പിക്കണമെന്നും ശുപാർശയുണ്ട്. സംസ്ഥാനവുമായി ബന്ധപ്പെട്ട ഡേറ്റയ്ക്കു പുറമേ നിക്ഷേപകർക്കിടയിൽ നടത്തിയ സർവേ കൂടി പരിഗണിച്ചാണ് സ്കോർ.

# യാത്രാവാഹന വിതരണത്തിൽ റിക്കാർഡ്

**മുംബൈ:** 202627 സാമ്പത്തികവർഷത്തിന്റെ ആദ്യപാദത്തിൽ നിർമാതാക്കളിൽനിന്ന് ഡീലർമാരിലേക്കുള്ള യാത്രാവാഹനങ്ങളുടെ വിതരണം റിക്കാർഡിലെത്തിയതായി സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിന്റെ (സിയാം) കണക്കുകൾ. മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 25.9 ശതമാനം വളർച്ചയോടെ 12,73,811 യൂണിറ്റിലെത്തി.


കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 10,11,884 യൂണിറ്റുകളുടെ വിതരണമാണ് നടന്നത്. ഇരുചക്രവാഹനങ്ങളുടെ വിതരണം മുൻ വർഷം ഇതേ പാദത്തേക്കാൾ 20.3 ശതമാനം ഉയർന്ന് 56,28,675 യൂണിറ്റായി. മുച്ചക്ര വാഹനങ്ങളുടെ വിതരണം 29.7 ശതമാന വർധനയിൽ 2,14,339 യൂണിറ്റിലെത്തി. മുൻ വർഷം ഇതേ കാലത്ത് 1,65,211 യൂണിറ്റായിരുന്നു.

വാണിജ്യവാഹനങ്ങളുടെ വില്പനയും ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഒന്നാംപാദ നിരക്ക് രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് 18.3 ശതമാനം വളർച്ചയോടെ ഏകദേശം 2,65,000 യൂണിറ്റുകൾ വിറ്റു.

ജൂണിൽ നിർമാതാക്കളിൽനിന്ന് ഡീലർമാരിലേക്കുള്ള ആഭ്യന്തര യാത്രാവാഹനങ്ങളുടെ വിതരണം മുൻവർഷത്തെ അപേക്ഷിച്ച് 24.1 ശതമാനം വർധിച്ച് 3,88,144 യൂണിറ്റിലെത്തി. ഇരുചക്രവാഹനങ്ങളുടെ വില്പന 2025 ജൂണിനേക്കാൾ ഈ ജൂണിൽ 18.6 ശതമാനം ഉയർന്ന് 18,51,400 യൂണിറ്റിലെത്തി. മുച്ചക്ര വാഹനങ്ങളുടെ വിതരണം ഒരു വർഷം മുന്പത്തെ 61,828 യൂണിറ്റിനേക്കാൾ 26.1 ശതമാനം വളർന്ന് 77,951 യൂണിറ്റിലെത്തി.

ഇന്ത്യയിലെ പാസഞ്ചർ വാഹന വിപണിയിൽ ടാറ്റ മോട്ടോഴ്സിന്റെ ശക്തമായ കുതിപ്പ്. തങ്ങളുടെ എസ്‌യുവി മോഡലുകൾക്ക് ലഭിച്ച് ശക്തമായ പിന്തുണയുടെ കരുത്തിൽ ടാറ്റ മോട്ടോഴ്സ് 202627 സാന്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ (ഏപ്രിൽ-ജൂൺ) മഹീന്ദ്ര ആൻഡ് മഹീന്ദ്രയെ പിന്നിലാക്കി രണ്ടാം സ്ഥാനം സ്വന്തമാക്കി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രണ്ടാം സ്ഥാനത്തുണ്ടായിരുന്ന മഹീന്ദ്രയെ മൂന്നാം സ്ഥാനത്തേക്ക് തള്ളിയാണ് ടാറ്റയുടെ ഈ തിരിച്ചുവരവ്.



## കുസാറ്റ്: ഒഴിവുകൾ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലെ തസ്തികകളിൽ കരാർ നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

### അസിസ്റ്റന്റ് പ്രൊഫസർ

ഫിസിക്സ് വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 3ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ സ്വയം സാക്ഷ്യംവഹിച്ച സർട്ടിഫിക്കറ്റുകളുടെ കോപ്പിയും രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിലേക്ക് ആഗസ്റ്റ് 10ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. അപേക്ഷ, യോഗ്യത, മറ്റ് വിശദ വിവരങ്ങൾക്ക് https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2576030, 04842862561

### ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III

കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് കകക ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഹൈഡ്രോകെമിസ്ട്രി/കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 17ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ സ്വയം സാക്ഷ്യംവഹിച്ച സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 'രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിലേക്ക് ആഗസ്റ്റ് 24ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. അപേക്ഷക്കും മറ്റ് വിശദ വിവരങ്ങൾക്ക് https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സി.എസ്.ഐ.ആർ– എച്ച്.ആർ.ഡി.ജി.യുടെ 39 ലക്ഷം രൂപയുടെ ഗവേഷണ ഗ്രാന്റ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല - സ്കൂൾ ഓഫ് മറൈൻ സയൻസസിന് കീഴിലുള്ള മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പിലെ അസോസിയേറ്റ് പ്രൊഫസറും സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാട്ടിക് വാക്സിൻ ഡെവലപ്മെന്റ് കോഓർഡിനേറ്ററുമായ ഡോ. പുന്നാടത്ത് പ്രീതം ഇ.യ്ക്ക് കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് -ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഗ്രൂപ്പ് - രണ്ട് വർഷത്തേക്കുള്ള 39 ലക്ഷം രൂപയുടെ ഗവേഷണ ഗ്രാന്റ് അനുവദിച്ചു. സി.എസ്.ഐ.ആർ.-സെൻട്രൽ സാൾട്ട് ആൻഡ് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഭാവ്നഗർലെ ചീഫ് സയന്റിസ്റ്റ് ഡോ. കമലേഷ് പ്രസാദ് സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

എക്സ്പ്ലൊറേഷൻ ഓഫ് സീവീട് ഡിറൈവ്ഡ് ബയോമോളിക്യൂൾസ് ഫോർ വൂണ്ട് ഹീലിംഗ് ആൻഡ് കോഗ്നിഷൻ മാനേജ്മെന്റ് അപ്ലിക്കേഷൻസ്' എന്ന തലക്കെട്ടിലുള്ള ഈ ഗവേഷണ പദ്ധതി ബയോമെഡിക്കൽ ഗവേഷണ മേഖലയിലാണ് കേന്ദ്രീകരിക്കുന്നത്. സമുദ്രത്തിലെ കടൽപ്പായലുകളിൽ നിന്ന് ലഭിക്കുന്ന ജൈവസജീവ സംയുക്തങ്ങളുടെ ചികിത്സാ സാധ്യതകൾ ഉപയോഗപ്പെടുത്തി മുറിവുണക്കലിനും ബൗദ്ധിക പ്രവർത്തനങ്ങളുടെ പരിപാലനത്തിനും പുതിയ ചികിത്സാ മാർഗങ്ങൾ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ ഗവേഷണം ട്രാൻസ്ലേഷണൽ മെഡിസിൻ, ആരോഗ്യരംഗത്തെ നവീകരണം, സമുദ്ര ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം എന്നീ മേഖലകളിൽ ശ്രദ്ധേയമായ സംഭാവന നൽകുമെന്നാണ് പ്രതീക്ഷ.

ഈ പദ്ധതി കുസാറ്റിലെ ഗവേഷണ പരിസ്ഥിതിയെ കൂടുതൽ ശക്തിപ്പെടുത്തുകയും അത്യാധുനിക ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ദേശീയതല ശാസ്ത്രീയ സഹകരണം വർധിപ്പിക്കുകയും ഗവേഷണ വിദ്യാർഥികൾക്കും യുവശാസ്ത്രജ്ഞർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. രാജ്യത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളായ കുസാറ്റും സി.എസ്.ഐ.ആർ.-സി.എസ്.എം.സി.ആർ.ഐയും തമ്മിലുള്ള ഈ സഹകരണം സമുദ്ര ബയോമെറ്റീരിയലുകളുടെയും അവയുടെ ബയോമെഡിക്കൽ പ്രയോഗങ്ങളുടെയും വികസനത്തിന് വേഗം കൂട്ടുമെന്നാണ് വിലയിരുത്തൽ.



# വിഴിഞ്ഞം തുറമുഖം: റോഡ് വഴി കണ്ടെയ്നർ നീക്കം; ഓഗസ്റ്റ് 18ന് തുടക്കം

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ഇറക്കുന്നതും അവിടെനിന്ന് കയറ്റി അയയ്ക്കുന്നതുമായ കണ്ടെയ്നറുകളുടെ നീക്കം റോഡ് വഴിയാക്കുന്ന എക്സിം പ്രവർത്തനങ്ങൾക്ക് ഓഗസ്റ്റ് 18നു തുടക്കമാകും. എക്സ്പോർട്ട്, ഇംപോർട്ട് (കയറ്റുമതി, ഇറക്കുമതി) എന്നിവയെ സൂചിപ്പിക്കുന്ന എക്സിമിന്റെ ഭാഗമായുള്ള ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി വി.ഡി.സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ 'മിഷൻ സമുദ്ര' പദ്ധതി സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിക്കും.

അഗ്നിരക്ഷാവാഹനം നിയന്ത്രണം അപകടം: നഷ്ടമായത് സേവന സന്നദ്ധനായ രക്ഷാപ്രവർത്തകനെ

രാജ്യാന്തര ഷിപ്പിങ് കമ്പനികൾ, ലോജിസ്റ്റിക്സ്, കയറ്റുമതി സ്ഥാപനങ്ങൾ, നിക്ഷേപകർ, വ്യവസായ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ സംസ്ഥാനത്തിന്റെ സമുദ്രാധിഷ്ഠിത വികസന കാഴ്ചപ്പാട് അവതരിപ്പിക്കും.

എക്സിം പ്രവർത്തനമാരംഭിക്കുന്നതോടെ പൂർണതോതിലുള്ള ചരക്കു നീക്കത്തിന്റെ കവാടമായി വിഴിഞ്ഞം തുറമുഖം മാറും. നിലവിൽ മദർഷിപ്പിൽ വിഴിഞ്ഞത്തെത്തുന്ന കണ്ടെയ്നറുകൾ ചെറുകപ്പലുകളിൽ ചെന്നൈ, കൊച്ചി, മുംബൈ ഉൾപ്പെടെയുള്ള തുറമുഖങ്ങളിലെത്തിച്ച് അവിടെനിന്ന് റോഡ് മാർഗം ലക്ഷ്യസ്ഥാനത്തെത്തിക്കുകയാണു ചെയ്യുന്നത്.

കയറ്റുമതിക്കായി വിഴിഞ്ഞത്തേക്കു വരുന്ന കണ്ടെയ്നറുകളും മറ്റു തുറമുഖങ്ങൾ വഴിയാണെത്തുന്നത്. ഇതിൽ നിന്നുള്ള മാറ്റമാണ് നടപ്പാക്കാനൊരുങ്ങുന്നത്. രണ്ടും റോഡ് മാർഗമാകുന്നതോടെ ചരക്കുനീക്കത്തിന്റെ ചെലവും സമയവും കുറയ്ക്കാൻ കഴിയും.

സർക്കാരിന്റെ 100 ദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തി എക്സിം സേവനങ്ങൾ ആരംഭിക്കുന്നതിലൂടെ വിഴിഞ്ഞം സമ്പൂർണ കയറ്റുമതി, ഇറക്കുമതി കവാടമായി മാറുമെന്നും പുതിയ നിക്ഷേപങ്ങൾക്കും തൊഴിലവസരങ്ങൾക്കും വഴിതുറക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു.



# തമിഴ്നാട്ടിൽ തേങ്ങാവില കുത്തനെ കൂട്ടി, കേരളത്തിലും വില കുതിച്ചുയരുന്നു

**പാലക്കാട്:** തമിഴ്നാട്ടിൽ കൊപ്രക്കച്ചവടക്കാർ തേങ്ങാവില കുത്തനെ കൂട്ടിയതോടെ കേരളത്തിലും നാളികേരവില വൻതോതിൽ കൂട്ടി. ഒരു ദിവസം കൊണ്ട് കിലോയ്ക്ക് 4 രൂപ കൂടി മൊത്തവില 52 ,54 രൂപയായി. ചില്ലറവിപണിയിൽ 60 രൂപ വരെയുണ്ട്. രണ്ടു ദിവസമായി തമിഴ്നാട്ടിൽ നിന്നു പാലക്കാട്ടേക്കുള്ള തേങ്ങാവരവിലും നേരിയ കുറവുണ്ട്.

തമിഴ്നാട്ടിലെ കൊപ്രവ്യാപാരികൾ കിലോയ്ക്ക് 50 രൂപ നിരക്കിലാണു തെങ്ങിൻതോപ്പിലെത്തി നാളികേരം എടുക്കുന്നത്. ഇതിൽ കൂടുതൽ വില നൽകിയാലേ കേരളത്തിലെ വ്യാപാരികൾക്ക് അവിടെ നിന്നു തേങ്ങ ലഭിക്കൂ എന്ന സ്ഥിതിയാണ്. ഇതോടെയാണു വില കൂട്ടിയത്. തമിഴ്നാട്ടിലെ പൊള്ളാച്ചി, ആനമല, അവിനാശി മേഖലകളിൽ നിന്നാണ് പാലക്കാട് വഴി കേരളത്തിലേക്കു കൂടുതൽ തേങ്ങ എത്തുന്നത്. പാലക്കാട് ജില്ലയ്ക്കകത്തു നിന്നുള്ള തേങ്ങാവരവു കുറവാണ്.

രാമായണമാസം ആരംഭിച്ചതോടെ നാളികേര വിൽപനയും വർധിച്ചിട്ടുണ്ട്. ഓണക്കാലം കൂടി എത്തുന്നതോടെ ആവശ്യം ഇനിയും ഉയരും. ഇതോടൊപ്പം വിലയും ഉയർന്നുനിൽക്കാനാണു സാധ്യതയെന്നു വ്യാപാരികൾ പറയുന്നു.

ഏപ്രിൽ പകുതിക്കു ശേഷം പാലക്കാട്ട് നാളികേര വില 50ൽ കൂടിയിട്ടില്ല. ഒരു ഘട്ടത്തിൽ മൊത്തവില 35 രൂപ വരെയായി കുറഞ്ഞിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല



# എം.ജി.യു.: ആഗോള ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ 19 ഗവേഷകരെ ആദരിച്ചു

സൈറാങ്ക് ആഗോള ശാസ്ത്രജ്ഞരുടെ പട്ടികയിൽ ആദ്യ അഞ്ച് ശതമാനത്തിൽ ഇടംപിടിച്ച മഹാത്മാഗാന്ധി സർവകലാശാലയിലെ 19 അധ്യാപകരെയും ഗവേഷകരെയും സർവകലാശാല ആദരിച്ചു.

ചടങ്ങിൽ ശാസ്ത്രജ്ഞരെ അഭിനന്ദിച്ച് സംസാരിച്ച വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, അവർ രാഷ്ട്രശില്പികളാണെന്ന് അഭിപ്രായപ്പെട്ടു. 'ഈ വ്യക്തികൾ ശാസ്ത്രജ്ഞരും അധ്യാപകരും എന്നതിനപ്പുറം യഥാർത്ഥ രാഷ്ട്രശില്പികളാണ്. സമൂഹത്തിൻറെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി അറിവ് ഉത്പാദിപ്പിക്കുക, നൂതന സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദപരമായ സമീപനങ്ങൾ എന്നിവ വികസിപ്പിക്കുക തുടങ്ങിയവയാണ് ഇവരുടെ ഗവേഷണങ്ങളുടെ ലക്ഷ്യം. ഒരു സർവകലാശാലയുടെ ഏറ്റവും വലിയ കരുത്ത് അവിടുത്തെ ആളുകളുടെ മികവാണ്. ഇവരുടെ നേട്ടങ്ങൾ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് മാത്രമല്ല, കേരളത്തിനും ഇന്ത്യയ്ക്കും അഭിമാനകരമാണ്' അദ്ദേഹം പറഞ്ഞു.

രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ്ജ് വർഗീസ്, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. ശ്രീജിത്ത് സി.എം., ഫിനാൻസ് ഓഫീസർബിജു മാത്യു, റിസർച്ച് ഡയറക്ടർ പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സൈ റാങ്കിങ്ങിൽ ഉൾപ്പെട്ട ശാസ്ത്രജ്ഞരും മുൻ വൈസ് ചാൻസലർമാരുമായ പ്രൊഫ. (ഡോ.) സാബു തോമസ്, പ്രൊഫ. (ഡോ.) സി.ടി. അരവിന്ദകുമാർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

### പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎസ്.സി അപ്ലൈഡ് കെമിസ്ട്രി, ഫിസിക്സ്, (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ്, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ ആനലിറ്റിക്സ്) എംഎ മലയാളം, ഹിന്ദി, ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ് (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംഎസ് സി ഫിസിക്സ്, കെമിസ്ട്രി (2017, 2018 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് സ്പെഷ്യൽ റീഅപ്പിയറൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ (സിബിസിഎസ്) ബിഎ മ്യൂസിക് വോക്കൽ (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പ്രാക്ടിക്കൽ ജൂലൈ 25ന് തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എംഎ ഭരതനാട്യം, മോഹിനിയാട്ടം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22, 23, 24 തീയതികളിലായി തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്.സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻറ് ഡയറ്ററ്റിക്സ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.




എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാർക്കായുള്ള ത്രിദിന സഹവാസ പരിശീലന ക്യാമ്പ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്യുന്നു.

# എം.ജി.യു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ പരിശീലന ക്യാമ്പ് ആരംഭിച്ചു


**കോട്ടയം:** മഹാത്മാഗാന്ധി സ!ർവകലാശാല എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാർക്കായുള്ള ത്രിദിന സഹവാസ പരിശീലന ക്യാമ്പ് ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ആരംഭിച്ചു. എൻ.എസ്.എസ് റീജിയണൽ ഡയറക്ടർ വൈ. എം. ഉതുപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സ!ർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.

യുവജനങ്ങളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ എൻ.എസ്.എസ്. വഹിക്കുന്ന പങ്ക് നിസ്തുലമാണെന്ന് വൈസ് ചാൻസലർ പ്രസ്താവിച്ചു.

യൂത്ത് ഓഫീസർ പിയൂഷ്, യൂണിവേഴ്സിറ്റി എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ, ഡിസ്റ്റ് കോളേജ് മാനേജർ ഫാ. ഡോ. റോബിൻ ചിറ്റൂപറമ്പിൽ, പ്രിൻസിപ്പാൾ ഫാ. ഡോ. ജോണി ചാക്കോ മംഗലത്ത്, ജില്ലാ കോർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# കുസാറ്റിൽ അന്താരാഷ്ട്ര പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പിന്റേയും സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റേയും ആഭിമുഖ്യത്തിൽ 'മത്സ്യശേഖര വിലയിരുത്തലും ആവാസവ്യവസ്ഥാ മോഡലിങ്ങും' വിഷയത്തിൽ മൂന്ന് ദിവസത്തെ അന്താരാഷ്ട്ര പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഒമാനിലെ സുൽത്താൻ ഖാബൂസ് സർവകലാശാലയിലെ അധ്യാപകനായ ഡോ. സച്ചിനന്ദൻ ദത്ത കോഴ്സ് ഡയറക്ടറായും വിഷയവിദഗ്ധനായും പരിശീലനത്തിന് നേതൃത്വം നൽകി.



പരിപാടിയുടെ ഉദ്ഘാടനം കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി നിർവഹിച്ചു. ചടങ്ങിൽ സമുദ്രജീവശാസ്ത്രം, മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പ് മേധാവി പ്രൊഫ. (ഡോ.) ടി. പി. സജീവൻ, സീനിയർ പ്രൊഫ. (ഡോ.) ബിജോയ് നന്ദൻ, ഇൻഡസ്ട്രിയൽ ഫിഷറീസ് സ്കൂൾ ഡയറക്ടർ പ്രൊഫ. (ഡോ.) മിനി ശേഖരൻ എന്നിവർ പങ്കെടുത്തു.

മൂന്ന് ദിവസങ്ങളിലായി നടന്ന പരിശീലനത്തിൽ 43 പേർ പങ്കെടുത്തു. മത്സ്യശേഖര വിലയിരുത്തലും ആവാസവ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള മോഡലിങ്ങും സംബന്ധിച്ച പ്രായോഗിക പരിശീലനമാണ് വിദ്യാർഥികൾക്കും യുവ ഗവേഷകർക്കുമായി നൽകിയത്. മത്സ്യശാസ്ത്ര മേഖലയിലെ ഗവേഷണപ്രായോഗിക വൈദഗ്ധ്യം വർധിപ്പിക്കുന്നതിനാണ് പരിശീലനം ലക്ഷ്യമിട്ടത്.

സമാപന സമ്മേളനത്തിൽ ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെ കൊച്ചി ബേസ് സോണൽ ഡയറക്ടർ ഡോ. സിജോ പി. വർഗീസ് മുഖ്യാതിഥിയായി പങ്കെടുത്തു.

ഡോ. എസ്. വേണു, സീനിയർ പ്രൊഫ്. (ഡോ.) എം. ഹരികൃഷ്ണൻ എന്നിവർ പരിപാടിക്ക് ഏകോപനം വഹിച്ചു.

# കുസാറ്റിൽ ദി ആർട്ട് ഓഫ് സിങ്ങിംഗ് – വോക്കൽ പെഡഗോജി ദ്വിദിന പരിശീലന പരിപാടി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) യുവജനക്ഷേമ വകുപ്പ് ഓഗസ്റ്റ് 15, 16 തീയതികളിൽ 'ദി ആർട്ട് ഓഫ് സിങ്ങിംഗ് – വോക്കൽ പെഡഗോജി' എന്ന പേരിൽ ദ്വിദിന വോക്കൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഗായകർ, സംഗീത വിദ്യാർത്ഥികൾ, സംഗീത അധ്യാപകർ, കലാകാരന്മാർ, ശബ്ദം പ്രൊഫഷണലായി ഉപയോഗിക്കുന്നവർ എന്നിവർക്കായി ശബ്ദോത്പാദനം, വോക്കൽ മെക്കാനിക്സ്, ശ്വാസനിയന്ത്രണം, വോക്കൽ റേഞ്ച് വികസനം, സ്റ്റേജ് പെർഫോമൻസ്, ദീർഘകാല ശബ്ദസംരക്ഷണം തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിശീലനം ലഭ്യമാക്കും. അന്തർദേശീയ നിലവാരത്തിലുള്ള വോക്കൽ പരിശീലന രീതികൾ നേരിട്ട് അഭ്യസിക്കാനും സംഗീതരംഗത്തെ ആഗോള അനുഭവസമ്പത്തുള്ള പരിശീലകനിൽ നിന്ന് പഠിക്കാനും ലഭിക്കുന്ന അപൂർവ അവസരമാണ് ഈ പരിശീലന പരിപാടി.

പരിശീലനത്തിന് നേതൃത്വം നൽകുന്നത് നെറ്റ്ഫ്ലിക്സ് മുൻ മ്യൂസിക് ക്രിയേറ്റീവ് ആൻഡ് പ്രൊഡക്ഷൻ കോഓർഡിനേറ്ററും രണ്ടു തവണ എ. ആർ. റഹ്മാൻ ഫൌണ്ടേഷൻ സ്കോളർഷിപ് ജേതാവും, വോയ്സ് വിദഗ്ധനുമായ ഡോ. ലിജോ കെ. ജോസാണ്. ഫീച്ചർ ഫിലിമിനും, ആമസോൺ പ്രൈം, സ്റ്റാർ സ്പോർട്സ്, അനിതാ ഡോങ്റെ ഗ്രാസ്റൂട് എന്നിവയ്ക്കും ഉൾപ്പെടെ നിരവധി ദേശീയ അന്തർദേശീയ പ്രൊജക്റ്റുകൾക്ക് സംഗീതം ഒരുക്കിയിട്ടുള്ള ഡോ. ലിജോയുടെ ബേ ലീഫ് എന്ന റിങ്ടോൺ മൈക്രോസോഫ്ട്/നോക്കിയ ലൂമിയ സൗണ്ടസ് ഓഫ് ദി വേൾഡ് മത്സരത്തിൽ അന്താരാഷ്ട്ര പുരസ്കാരം നേടിയിരുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരവധി വോക്കൽ പരിശീലന ക്യാമ്പുകൾക്ക് നേതൃത്വം നൽകിയിട്ടുള്ള ഡോ. ലിജോ, പുരസ്കാരജേതാക്കളായ സംസ്!നോം എൻസെംൽ എന്ന വോക്കൽ ഗ്രൂപ്പിന്റെ ഡയറക്ടറുമാണ്. കുസാറ്റിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും, പുറമെ നിന്നുള്ള സംഗീതപ്രേമികൾക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് കുസാറ്റ് അംഗങ്ങൾക്ക് 200, ബാഹ്യ വിദ്യാർത്ഥികൾക്ക് 500, മറ്റ് ബാഹ്യ പങ്കാളികൾക്ക് 1,500 എന്നിങ്ങനെയാണ്. രജിസ്ട്രേഷന്റെ അവസാന തീയതി 2026 ഓഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://welfare.cusat.ac.in സന്ദർശിക്കുകയോ https://forms.gle/LdsSjxxFWxXsuydUA വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: ഡോ. പി. കെ. ബേബി, ഡയറക്ടർ, യുവജനക്ഷേമ വകുപ്പ്, കുസാറ്റ് (ഫോൺ: 9447508345).

# ഇന്ത്യയിൽ ചൈനീസ് കമ്പനികൾക്ക് കനത്ത തിരിച്ചടി

**മുംബൈ:** വർധിച്ചുവരുന്ന പണപ്പെരുപ്പവും മെമ്മറി ചിപ്പുകളുടെ അനിയന്ത്രിതമായ വിലക്കയറ്റവും മൂലം ഇന്ത്യയിലെ സ്മാർട്ട്ഫോൺ വിപണിയിൽ ചൈനീസ് ഫോണുകൾക്ക് കനത്ത തിരിച്ചടി. ബജറ്റ് ഫോണുകളുടെ വില കുത്തനെ ഉയർന്നതോടെ ഉപയോക്താക്കൾ പുതിയ ഫോണുകൾ വാങ്ങുന്നത് നീട്ടിവച്ചതാണ് തിരിച്ചടിയായത്.

നടപ്പ് സാമ്പത്തികവർഷത്തിന്റെ ആദ്യ പാദത്തിൽ ചൈനീസ് ബ്രാൻഡുകളുടെ വിപണി വിഹിതം 2020ന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലേക്കു കൂപ്പുകുത്തി. ഇന്ത്യയിലെ ആകെ സ്മാർട്ട്ഫോൺ വിതരണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 10 ശതമാനത്തിന്റെ ഇടിവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ ആറു വർഷത്തിലെ ഏറ്റവും വലിയ ജൂൺ പാദ തകർച്ചയാണിതെന്ന് പ്രമുഖ ഗവേഷണ സ്ഥാപനമായ കൗണ്ടർപോയിൻറ് റിസർച്ചിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു.



ഓപ്പോ, വിവോ, ഷവോമി, റിയൽമി, വൺപ്ലസ്, ഐക്യൂ, പോക്കോ തുടങ്ങിയ പ്രമുഖ ചൈനീസ് കമ്പനികളാണ് വിപണിയിൽ വലിയ വെല്ലുവിളി നേരിടുന്നത്. മെമ്മറി ചിപ്പുകളുടെ വില കഴിഞ്ഞ വർഷം സെപ്റ്റംബറിനു ശേഷം നാലിരട്ടിയോളമാണ് വർധിച്ചത്. ഇത് വരും മാസങ്ങളിൽ അഞ്ചിരട്ടിയായി ഉയർന്നേക്കുമെന്നാണ് വിലയിരുത്തൽ. ഇതേത്തുടർന്ന് നിർമാതാക്കൾ ഫോണുകൾക്ക് ശരാശരി 15 ശതമാനം വരെ വിലവർധിപ്പിക്കാൻ നിർബന്ധിതരായി.

ഈ വിലക്കയറ്റം ഏറ്റവും കൂടുതൽ ബാധിച്ചത് 15,000 രൂപയ്ക്ക് താഴെയുള്ള ബജറ്റ് ഫോണുകളെയാണ്. ഈ വിഭാഗത്തിലെ ഫോണുകളുടെ വിതരണത്തിൽ മാത്രം 45 ശതമാണത്തിന്റെ കൂറ്റൻ ഇടിവാണുണ്ടായത്. പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ, ഈ വർഷം മൊത്തത്തിലുള്ള ഫോൺ വിപണിയിൽ 13 ശതമാനത്തിന്റെ വാർഷിക ഇടിവുണ്ടാകുമെന്നാണ് കൗണ്ടർപോയിൻറ് പ്രവചിക്കുന്നത്.

സാധാരണ വിപണി കനത്ത തിരിച്ചടി നേരിടുന്പോഴും പ്രീമിയം ഫോൺ വിപണി വലിയ പരിക്കില്ലാതെ പിടിച്ചുനിന്നു. ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങളും ഇഎംഐ പദ്ധതികളും വഴി എളുപ്പത്തിൽ വായ്പ ലഭ്യമാകുന്നതാണ് ഉയർന്ന വിലയുള്ള ഫോണുകളുടെ വിപണിയെ തുണച്ചത്. നിലവിൽ വിപണിയിൽ വിൽക്കപ്പെടുന്ന പകുതിയിലധികം ഫോണുകളും ഇത്തരം ധനസഹായ പദ്ധതികളിലൂടെയാണ് ഉപയോക്താക്കൾ സ്വന്തമാക്കുന്നത്. ആപ്പിളിന് വിപണിയിൽ നേരിയ ഇടിവുണ്ടായെങ്കിലും വിതരണ ശൃംഖലയിലെ തടസങ്ങളാണ് ഐഫോൺ 17 സീരീസിന്റെ വിൽപ്പനയെ ബാധിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു.

വിപണിയിലെ മുൻനിരയിലുള്ള അഞ്ച് കമ്പനികളിൽ സാംസംഗ് മാത്രമാണ് ഈ പ്രതിസന്ധിക്കിടയിലും രണ്ടു ശതമാനം വളർച്ചയോടെ തിളങ്ങിനിന്നത്. വിവോ 18 ശതമാനം വിപണി വിഹിതവുമായി ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ടെങ്കിലും അവരുടെ വിതരണത്തിൽ ഇടിവ് സംഭവിച്ചു.

അതേസമയം, ഇന്ത്യൻ വിപണിയിൽ ഏറ്റവും വേഗത്തിൽ വളരുന്ന ബ്രാൻഡായി നതിംഗ് മാറി. ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ടീമിന്റെ പ്രധാന സ്പോൺസറായതിലൂടെ ലഭിച്ച ജനപ്രീതിയും തങ്ങളുടെ പുതിയ ഫോൺ മോഡലുകളുടെ മികച്ച വിൽപ്പനയും വഴി കമ്പനി മുൻവർഷത്തേക്കാൾ 105 ശതമാനം വളർച്ച കൈവരിച്ചു. പ്രീമിയം വിഭാഗത്തിൽ പുതിയ വിപണന തന്ത്രങ്ങളുമായി മുന്നേറിയ ഗൂഗിൾ പിക്സൽ 68 ശതമാനത്തിന്റെ മികച്ച വളർച്ചയാണ് ഈ പാദത്തിൽ സ്വന്തമാക്കിയത്.



## ഷോപ്പിങ്ങും വിനോദവും ഒരു കുടക്കീഴിൽ; പ്രൈം പ്രൊമെനേഡ് യാഥാർഥ്യമായി

**തൃശൂർ:** പുഴയ്ക്കലിൽ ഒരുക്കിയിരിക്കുന്ന പ്രീമിയം ലൈഫ്സ്റ്റൈൽ & എന്റർടൈൻമെന്റ് ഡെസ്റ്റിനേഷനായ പ്രൈം പ്രൊമേനേഡ് ഉദ്ഘാടനം ചെയ്തു. വിദേശരാജ്യങ്ങളിൽ പ്രചാരത്തിലുള്ള പ്രൊമേനേഡ് മാതൃകയിൽ തൃശൂരിലും ഇത് ഒരുക്കിയിരിക്കുന്നത് സംസ്ഥാനത്തെ പ്രമുഖ പ്രീഎൻജിനീയേർഡ് സ്റ്റീൽ ബിൽഡിങ് നിർമാതാക്കളായ പ്രൈം ഗ്രൂപ്പ് ഓഫ് കമ്പനീസ് ആണ്.

45,000 ചതുരശ്ര അടിയിൽ സജ്ജീകരിച്ചിരിക്കുന്ന പ്രൈം പ്രൊമേനേഡ്, ഷോപ്പിങ്ങും ഡൈനിങ്ങും മുതൽ ഫിറ്റ്നസും വെൽനെസും വിനോദോപാധികളും വരെ ഒരേ കുടക്കീഴിൽ അണിനിരത്തുന്ന ആധുനിക ലൈഫ്സ്റ്റൈൽ ഡെസ്റ്റിനേഷനാണ്.

അത്യാധുനിക പ്രീഎൻജിനീയേർഡ് സ്റ്റീൽ ബിൽഡിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇത് നിർമിച്ചിരിക്കുന്നത്. ഫിറ്റ്നസ് വെൽനെസ് വിഭാഗത്തിൽ ഓക്സി ജിം, ടെമ്പറേച്ചർ നിയന്ത്രിത ഇൻഡോർ സ്വിമ്മിങ് പൂൾ, ജക്കൂസി (ഹൈഡ്രോ മസാജ് ബാത്ത്), സോന (സ്റ്റീം ബാത്ത്), ലക്ഷ്വറി സ്പാ & സലൂൺ, ഡയറ്റ് & ഡയബറ്റിക് കെയർ സെൻറർ, 24 മണിക്കൂർ ഫാർമസി എന്നിവ പ്രവർത്തിക്കുന്നു.

വിനോദത്തിനായി പ്രൈം എക്സ് അരീന, ബൗളിങ് ആലി, പിഎസ് 5 ഗെയിമിങ്, ഇൻഡോർ ഷൂട്ടിങ് ആക്റ്റിവിറ്റികൾ, കുട്ടികൾക്കായി പ്രത്യേക പ്ലേ ഏരിയ എന്നിവയും ഒരുക്കിയിട്ടുണ്ട്.

ഡൈനിങ് വിഭാഗത്തിൽ ദി വെനീഷ്യൻ ബിസ്ട്രോ, ഓൾഡേ കോഫി ഷോപ്പ് എന്നിവയുണ്ട്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിങ് സ്റ്റേഷനുകൾ, മൾട്ടി പർപ്പസ് ഇവൻറ് ഹാൾ, ട്രെയിനിങ് & സ്റ്റഡി സെൻററുകൾ എന്നിവയും സമുച്ചയത്തിന്റെ ഭാഗമാണ്



## മഴക്കുറവിൽ വലഞ്ഞ് തമിഴ്നാട്; ഓണവിപണിക്ക് ആശങ്ക

**തൊടുപുഴ:** കേരളത്തിലെ മഴക്കുറവ് തമിഴ്നാട് കർഷകരെ സാരമായി ബാധിക്കുമ്പോൾ ആശങ്കയിലായി ഓണം വിപണി. കമ്പം, തേനി, മധുര ഉൾപ്പെടെയുള്ള ലക്ഷക്കണക്കിന് ഏക്കർ സ്ഥലത്തെ കൃഷിയിടം ഉഴുതിട്ടിട്ടുണ്ടെങ്കിലും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ കൃഷി തുടങ്ങാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ തമിഴ്നാട്ടിൽ.

വലിയ തോതിൽ മഴ ലഭിച്ചില്ലെങ്കിൽ പച്ചക്കറി, പൂ കൃഷികളുടെ ഉൽപാദനം വൻ തോതിൽ കുറയുമെന്ന് തമിഴ് കർഷകർ പറയുന്നു. ഈ പ്രദേശങ്ങളിൽ കൃഷിക്കുള്ള ജലം മുല്ലപ്പെരിയാർ ഡാമിൽ നിന്നാണ് ലഭിക്കുന്നത്. മുല്ലപ്പെരിയാറിൽ ജലനിരപ്പ് സാരമായി കുറഞ്ഞതോടെ തമിഴ്നാട് എടുക്കുന്ന വെള്ളത്തിന്റെ അളവും കുറഞ്ഞു. കമ്പം ജില്ലയിലെ തോടുകളും ചെക്ക് ഡാമുകളും പൂർണമായി വറ്റിവരണ്ടു.

മുല്ലപ്പെരിയാറിലെ ജലം സംഭരിക്കുന്ന തേനിക്കു സമീപമുള്ള വൈഗ ഡാമിൽ 68 വർഷത്തിനിടെ ഏറ്റവും കുറഞ്ഞ ജലനിരപ്പ് രേഖപ്പെടുത്തി. 72 അടിയുള്ള ഡാമിൽ നിലവിൽ 25 അടിയോളം വെള്ളം മാത്രമാണ് ശേഷിക്കുന്നത്. കുടിവെള്ളത്തിനായി മാത്രമാണ് ഇവിടെ നിന്ന് വെള്ളം ഒഴുക്കി വിടുന്നത്. കഴിഞ്ഞ വർഷം ഇതേ സമയത്ത് ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് വൈഗ ഡാമിന്റെ ഷട്ടറുകൾ തുറന്ന് കൂടുതൽ വെള്ളം പുറത്തേക്ക് ഒഴുക്കിയിരുന്നു.

ഓണം മുന്നിൽക്കണ്ട് കമ്പം ജില്ലയിലെ ശീലയംപെട്ടി ഭാഗത്ത് പൂ കൃഷി വ്യാപകമായി കർഷകർ നടത്തിയെങ്കിലും വെള്ളമില്ലാത്തതിനാൽ നശിച്ചു തുടങ്ങി. വെള്ളം കൂടുതൽ ആവശ്യമായ പൂവിന് പകരം പച്ചക്കറി നടാനായി പലരും കണ്ടം ഉഴുതു മറിച്ചു. പക്ഷേ, വെള്ളം ലഭിക്കുന്ന കാര്യത്തിൽ തീരുമാനം ഇല്ലാത്തതിനാൽ കൃഷി ഇറക്കുന്നില്ല.

നിലവിലെ കൃഷി കുഴൽകിണറുകളിലെ വെള്ളം ഉപയോഗിച്ച് പിടിച്ചു നിർത്താനാണ് ശ്രമിക്കുന്നത്. എന്നാൽ ചെറുകിട കർഷകരിൽ പലർക്കും കുഴൽ കിണർ ഇല്ലാത്തതും പ്രതിസന്ധിയാണ്. ലഭ്യത കുറഞ്ഞാൽ ഓണക്കാലത്ത് പച്ചക്കറിയുടെ വില കുതിച്ചുയർന്നേക്കും. പൂക്കൾ കമ്പത്ത് പോയി എടുത്താലും വലിയ ലാഭം പ്രതീക്ഷിക്കേണ്ടെന്ന് കർഷകർ തന്നെ പറയുന്നു.

# ലൈഫ് പെൻഷൻ സേവിംഗ്സ് പുറത്തിറക്കി ഐസിഐസിഐ

**തിരുവനന്തപുരം:** മുതിർന്ന പൗരന്മാർക്ക് വിരമിക്കലിനുശേഷം സാമ്പത്തിക സുരക്ഷയും ആരോഗ്യപരിപാലനവും ലക്ഷ്യമിട്ട് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് പ്രു ഗോൾഡ് പെൻഷൻ സേവിംഗ്സ് എന്ന പേരിൽ ഏറ്റവും പുതിയ പ്ലാൻ അവതരിപ്പിച്ചു.

ആയുർദൈർഘ്യം ഉയരുന്നതും ജീവിതശൈലീ രോഗങ്ങൾ വർധിക്കുന്നതും, കുടുംബഘടനയിലെ മാറ്റങ്ങളും വിരമിക്കൽ ആസൂത്രണത്തെ വെറും സമ്പാദ്യത്തിൽനിന്ന് സമഗ്ര ക്ഷേമത്തിലേക്കാണ് നയിക്കുന്നതെന്ന് കമ്പനി അറിയിച്ചു.



# തൃശൂരിൽ ജോയ് ആലുക്കാസ് ഗോൾഡ് ടവർ ഒരുങ്ങുന്നു

**തൃശൂർ:** നഗരത്തിന്റെ ഹൃദയഭാഗത്തോടുചേർന്ന് 2.2 ഏക്കറിൽ അത്യാഡംബര പാർപ്പിടസമുച്ചയ പദ്ധതി പ്രഖ്യാപിച്ച് ജോയ് ആലുക്കാസ്. ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ റിയൽ എസ്റ്റേറ്റ് വിഭാഗമായ ജോയ്ആലുക്കാസ് ലൈഫ് സ്റ്റൈൽ ഡെവലപ്പേഴ്സാണു സംസ്ഥാനത്തെ ഏറ്റവും ഉയരം കൂടിയ റസിഡൻഷ്യൽ ടവറായ ഗോൾഡ് ടവർ തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിനു സമീപം നിർമിക്കുന്നത്.

ഹയാത്ത് റീജൻസിയിൽ നടന്ന പദ്ധതി പ്രഖ്യാപനത്തിൽ റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖരും മറ്റു വിശിഷ്ടാതിഥികളും പങ്കെടുത്തു. ഭൂനിരപ്പിൽനിന്ന് 190 മീറ്റർ ഉയരത്തിൽ 50 നിലകളിലായി ഒരുങ്ങുന്ന ഗോൾഡ് ടവറിന്റെ നിർമാണം മൂന്നു വർഷത്തിനകം പൂർത്തിയാകും. ലോകോത്തര എൻജിനിയറിംഗ് വൈദഗ്ധ്യവും ആധുനിക ആർകിടെക്ചർ നിർമാണരീതിയും സമന്വയിക്കുന്നതാണ് രൂപകല്പന. 25 മീറ്റർ നീളമുള്ള ഇൻഫിനിറ്റി സ്വിമ്മിംഗ് പൂൾ, അത്യാധുനിക വെൽനസ്ഫിറ്റ്നസ് സെൻററുകൾ, പ്രൈവറ്റ് തിയറ്റർ, കോവർക്കിംഗ് സ്പേസുകൾ, കളിസ്ഥലങ്ങൾ എന്നിവയും ഭവനസമുച്ചയത്തിലുണ്ടാകും. നഗരത്തിന്റെ ദൂരക്കാഴ്ചകൾ ആസ്വദിക്കാൻ സ്കൈ ഡെക്കും പ്രത്യേകതയാണ്.

ലോകത്തെ വൻകിട നഗരങ്ങളിലെ ആഡംബര ഭവനങ്ങളോടു കിടപിടിക്കുന്ന സൗകര്യങ്ങളാണ് ഗോൾഡ് ടവറിൽ ഒരുക്കുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു.

കൊച്ചിയിലെ ഗോൾഡ് ടവറിനുശേഷം, ജോയ്ആലുക്കാസ് ലൈഫ്സ്റ്റൈൽ ഡെവലപ്പേഴ്സിന്റെ സംസ്ഥാനത്തെ രണ്ടാമത്തെ റസിഡൻഷ്യൽ പദ്ധതിയാണിത്

# ജെഎൻ ലൈറ്റിംഗ്സ് 26ാം വർഷത്തിലേക്ക്

**പത്തനംതിട്ട:** കേരളത്തിലെ പ്രമുഖ ലൈറ്റിംഗ് സ്ഥാപനമായ, തിരുവല്ല വെസ്റ്റ് ഓതറ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെഎൻ ലൈറ്റിംഗ്സ് 26ാം വർഷത്തിലേക്ക്. കേന്ദ്ര സർക്കാരിന്റെ സോളാർ പദ്ധതിയായ പി.എം. സൂര്യഘർ യോജന തികച്ചും മിതമായ നിരക്കിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ജെഎൻ ലൈറ്റിംഗ്സ് വലിയ പങ്കുവഹിക്കുന്നുണ്ട്. പാവപ്പെട്ടവർ മുതൽ പണക്കാർ വരെയുള്ളവരുടെ വീടുകളിൽ വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പാക്കാൻ കമ്പനിക്ക് കഴിഞ്ഞു.

പദ്ധതിക്കായി അപേക്ഷിക്കുന്നത് മുതൽ ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട എല്ലാ സഹായങ്ങളും കമ്പനി നേരിട്ട് ചെയ്തു നൽകുന്നു. വെബ്സൈറ്റിൽ അപേക്ഷകൾ അപ്ലോഡ് ചെയ്യുന്നത് മുതൽ സോളാർ ഇൻസ്റ്റലേഷനായി ബാങ്ക് ലോൺ നൽകുന്നത് വരെ കമ്പനി നേരിട്ടാണ്. കേന്ദ്ര ഗവൺമെൻറ് സബ്സിഡി തടസമില്ലാതെ ലഭ്യമാക്കാനും ഉപഭോക്താക്കളെ സഹായിക്കുന്നുണ്ട്. ഓണാഘോഷങ്ങളുടെ ഭാഗമായി വലിയ ഓഫറുകളും സ്പെഷൽ റിബേറ്റുകളും പ്രഖ്യാപിച്ചിട്ടുണ്ട്.



# ഇന്ത്യ മൈനിങ് വീക്ക് 2026 നവംബറിൽ

**ന്യൂഡൽഹി:** രാജ്യത്തെ ഖനന-ധാതു മേഖലയിലെ ഏറ്റവും വലിയ സമ്മേളന-പ്രദർശനമായ ഇന്ത്യ മൈനിങ് വീക്ക് 2026 നവംബർ 15 മുതൽ 17 വരെ ന്യൂഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് കേന്ദ്ര കൽക്കരി-ഖനി മന്ത്രി ജി. കിഷൻ റെഡ്ഡി പ്രഖ്യാപിച്ചു. 'ശക്തമായ വിഭവങ്ങൾ, സ്മാർട്ട് മൈനിങ്, സുസ്ഥിര നാളെ' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. 50-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, 500-ലധികം പ്രദർശകർ, 200-ലധികം വിദഗ്ധർ, 300-ലധികം ഖനന-ധാതു കമ്പനികൾ എന്നിവരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചു. ഖനനരംഗത്തെ നിക്ഷേപം, സാങ്കേതികവിദ്യ, നിർണായക ധാതുക്കൾ, സുസ്ഥിര ഖനനം, സുരക്ഷ, ഓട്ടോമേഷൻ തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും. ചടങ്ങിൽ കൽക്കരി എക്സ്ചേഞ്ചുകളുടെ രജിസ്ട്രേഷനുള്ള ഓൺലൈൻ പോർട്ടലും നിർണായക-തന്ത്രപ്രധാന ധാതു ബ്ലോക്കുകളുടെ എട്ടാംഘട്ട ലേലവും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.




# ഓക്സിജനിൽ എച്ച്എപിമാഡ്രിഡ് എക്സ്പീരിയൻസ് സോൺ ഉദ്ഘാടനം ചെയ്തു

**കോട്ടയം:** ഡിജിറ്റൽ റീട്ടെയിൽ ശൃംഖലയായ ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിൽ ആരംഭിച്ച എച്ച്എപി മാഡ്രിഡ് എക്സ്പീരിയൻസിന്റെ ഉദ്ഘാടനം നടി റിമാ കല്ലിങ്കൽ നിർവഹിച്ചു. എച്ച്പിയുടെ ഏറ്റവും പുതിയ എഐ ലാപ്ടോപ്പുകൾ, ആക്സസറീസുകൾ തുടങ്ങിയവ ഉപഭോക്താക്കൾക്ക് നേരിട്ട് അനുഭവിച്ചറിയാനും വിദഗ്ധരുടെ സഹായത്തോടെ തെരഞ്ഞെടുക്കാനും എക്സ്പീരിയൻസ് സോണിൽ അവസരമുണ്ട്.

വിദ്യാർഥികൾ, പ്രഫഷണൽസ്, ഗെയിമിംഗ് ഇഷ്ടപ്പെടുന്നവർ തുടങ്ങിയവർക്ക് എച്ച്പിയുടെ ലാപ്ടോപ്പുകൾ എക്സപീരിയൻസ് ചെയ്ത് വാങ്ങാം. ലാപ്ടോപ്പുകൾക്ക് പ്രത്യേക ഓഫറുകളും ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്. വിവിധ ഫിനാൻസ് കമ്പനികളുമായി ചേർന്ന് പ്രത്യേക ഇഎംഐ സൗകര്യവും ഷോറൂമുകളിലുണ്ട്. ബ്രാൻഡ് വാറന്റിക്ക് പുറമേ ഓക്സിജൻ നൽകുന്ന അധികവാറന്റിയും ഉപഭോക്താക്കൾക്ക് ലഭിക്കും. ഓക്സിജൻ സിഇഒ ഷിജോ കെ. തോമസ്, എച്ച്പി നാഷണൽ ഹെഡ് ശരത് സരസ്വതി, എച്ച്പി സോണൽ സെയിൽസ് മാനേജർ സിനേഷ് ശ്രീധർ, ഓക്സിജൻ പർച്ചേസ് ആൻഡ് ഓപ്പറേഷൻ വൈസ്പ്രസിഡൻറ് പ്രവീൺ പ്രകാശ്, ഓക്സിജൻ ഫിനാൻസ് വൈസ്പ്രസിഡന്റ് സുനിൽ വർഗീസ്, ഓക്സിജൻ റീജണൽ ബിസിനസ് ഹെഡ് ഷാജഹാൻ സിറാജുദ്ദീൻ, ഓക്സിജൻ മാർക്കറ്റിംഗ് ഹെഡ് കെ. അമൽദേവ്, ഓക്സിജൻ ഐടി ഹെഡ് പി.ആർ. ശ്രീജിത്ത്, എച്ച്പി എഎസ്എം നിറ്റു രവി തുടങ്ങിയവർ പ്രസംഗിച്ചു. 9020100100.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ ഷോറൂം കൊട്ടിയത്ത് ആരംഭിച്ചു

**കൊച്ചി:** പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 87ാമത് ഷോറൂം കൊട്ടിയത്ത് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ജിനോക്കി എഡ്വേർഡ് ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജെ. സരസ്വതി, വാർഡ് മെമ്പർമാരായ രൂപേഷ് കുമാർ, കലജാദേവി, പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, സിഇഒ കിരൺ വർഗീസ്, ഡയറക്ടർമാരായ ഡോ. പീറ്റർ പോൾ, അജോ തോമസ്, ഡോ.അദീന പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ഷോറൂം സന്ദർശിക്കുന്നവർക്കും പർച്ചേസ് ചെയ്യുന്നവർക്കും സ്വർണം, വെള്ളി നാണയങ്ങൾ ഉൾപ്പെടെയുള്ള ഉറപ്പായ സമ്മാനങ്ങളും ആകർഷകമായ ഓഫറുകളുമാണ് പിട്ടാപ്പിള്ളിൽ ഒരുക്കിയിരിക്കുന്നത്.

പിട്ടാപ്പിള്ളിൽ അവതരിപ്പിക്കുന്ന കാൽപ്പന്തും കലക്കൻ ഓഫർ പദ്ധതിയിലൂടെ എൽഇഡി ടിവികൾക്ക് 12,000 വരെ എക്സ്ചേഞ്ച് ആനുകൂല്യം, എല്ലാ എൽഇഡി ടിവികൾക്കൊപ്പവും 5,999 വിലമതിക്കുന്ന സൗണ്ട്ബാർ വെറും 999ന് സ്വന്തമാക്കാനുള്ള അവസരം, കൂടാതെ ഫിനാൻസിൽ എൽഇഡി ടിവി വാങ്ങുന്ന എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പായ സമ്മാനവും ലഭിക്കും. ഇതിനുപുറമെ, പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ ഓണം ഓഫറുകളും പ്രമുഖ ബ്രാൻഡുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക ഓണം സ്കീമുകളും ഇപ്പോൾ കേരളത്തിലെ എല്ലാ പിട്ടാപ്പിള്ളിൽ ഏജൻസീസ് ഷോറൂമുകളിലും ലഭ്യമാണ്. പിട്ടാപ്പിള്ളിൽ സാറ്റർഡേ സർപ്രൈസ് സെയിൽ പദ്ധതിയുടെ ഭാഗമായി എല്ലാ ശനിയാഴ്ചകളിലും ഓരോ ഉൽപ്പന്ന വിഭാഗങ്ങൾക്കായി പ്രത്യേക സർപ്രൈസ് ഓഫറുകളും ലേറ്റ് നൈറ്റ് ഷോപ്പിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.



# കുസാറ്റ് മെട്രോ സ്റ്റേഷനിൽ ഐഐഎംകെ കൊച്ചി കാമ്പസ്

**കൊച്ചി:** മെട്രോയുടെ നോൺഫെയർ റവന്യു പദ്ധതിയുടെ ഭാഗമായി കുസാറ്റ് മെട്രോ സ്റ്റേഷനിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐഐഎംകെ) കൊച്ചി കാമ്പസ് പ്രവർത്തനം ആരംഭിച്ചു. കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു.

കെഎംആർഎലും ഐഐഎം കോഴിക്കോടും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ബിൽഡ് ടു സ്യൂട്ട് മാതൃകയിലാണ് കാമ്പസ് പ്രവർത്തിക്കുന്നത്.

62,000 ചതുരശ്ര അടി വിസ്തൃതിയിൽ ഏഴു നിലകളിലുമായുള്ള കാമ്പസ് എറണാകുളം ജില്ലയിലെ ഏറ്റവും ഉയരമുള്ള വിദ്യാഭ്യാസ സമുച്ചയങ്ങളിൽ ഒന്നാണ്. ചടങ്ങിൽ ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി, കെഎംആർഎൽ ചീഫ് എൻജിനിയർമാരായ വിനു സി. കോശി, ടി.സി. ജോൺസൺ, ചീഫ് മാർക്കറ്റിംഗ് മാനേജർ എസ്. മുരളി കൃഷ്ണൻ, ജോയിൻറ് ജനറൽ മാനേജർമാരായ പി.സി. സീന, ആർ. രഞ്ജിനി, ചീഫ് സെക്യൂരിറ്റി ഓഫീസർ കെ.എം. ജിജിമോൻ, സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ പോൾ കുര്യൻ തുടങ്ങിയവർ പങ്കെടുത്തു.

# നീറ്റ് റിസൾട്ട് എട്ടാം റാങ്ക് സൈലത്തിൽ

**കോഴിക്കോട്:** 2026 നീറ്റ് റിസൾട്ടിൽ എഡ്ടെക് പ്ലാറ്റ്ഫോമായ സൈലം ലേർണിംഗ് കോഴിക്കോട് ഹൈബ്രിഡ് ക്യാമ്പസിലെ വിദ്യാർത്ഥിനി കെ.ടി.മിൻഹ ബൈസൂൺ കേരള റാങ്കിൽ എട്ടാം സ്ഥാനം നേടി. 676 സ്കോർ നേടി ഓൾ ഇന്ത്യാ റാങ്ക് 346 കരസ്ഥമാക്കി. കേരള റാങ്ക് 14 നേടിയ മുഹമ്മദ് ഇഷാൻ ടി.എം (സ്കോർ: 671), വൈശാഖ് കെ (661), കശ്യവ് (655), റാനിയ എസ്.പി (647), ഫാത്തിമ മുബാറക്ക (647), മുഹമ്മദ് മിൻഹാജ് പി.എം (646), ജെഫിൻ ബിജു (643), മെഹ്ജെബിൻ (643), ഹന്ന ജാവേദ് പി (642) എന്നിവരും തിളക്കമാർന്ന വിജയം സ്വന്തമാക്കിയതായി സൈലം അധികൃതർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു. ജെഇഇ 2026 റിസൾട്ടിലും സൈലത്തിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച്ചവച്ചതായും കമ്പനി അവകാശപ്പെട്ടു.

# വിപ്രോയ്ക്ക് 3,360 കോടിയുടെ ലാഭം

**കൊച്ചി:** എഐ അധിഷ്ഠിത ടെക്നോളജി സർവീസസ് ആൻഡ് കൺസൾട്ടിംഗ് കമ്പനിയായ വിപ്രോ, 2026 ജൂൺ 30ന് അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. കമ്പനിയുടെ ഗ്രോസ് റവന്യൂ 24,480 കോടിയിലെത്തി. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 10.6 ശതമാനത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അറ്റാദായം 3,360 കോടിയായി ഉയർന്ന് 0.6 ശതമാനം വളർച്ച രേഖപ്പെടുത്തി. ഐടി സർവീസസ് വിഭാഗത്തിന്റെ വരുമാനം 1 ശതമാനം വർധിച്ചപ്പോൾ, ഓപ്പറേറ്റിംഗ് മാർജിൻ 16 ശതമാനമായി. വലിയ ഡീൽ ബുക്കിംഗ്സ് 1.626 ബില്യൺ ഡോളറിലെത്തി, മുൻ പാദത്തേക്കാൾ 12.9 ശതമാനം വർധന നേടി. ഓഹരിക്ക് 2 രൂപ വീതം ഇടക്കാല ലാഭവിഹിതവും കമ്പനി പ്രഖ്യാപിച്ചു. എ.ഐ അധിഷ്ഠിത സേവനങ്ങളിലേക്കുള്ള ഉപഭോക്താക്കളുടെ വർധിച്ച താൽപര്യമാണ് വളർച്ചയ്ക്ക് കരുത്തായതെന്ന് സിഇഒ ശ്രീനി പല്ലിയ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

# പഞ്ചാബ് നാഷണൽ ബാങ്ക് അറ്റാദായത്തിൽ 213.6 ശതമാനം വളർച്ച

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) 202627 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മികച്ച സാമ്പത്തിക പ്രകടനം രേഖപ്പെടുത്തി. 2026 ജൂൺ 30ന് അവസാനിച്ച പാദത്തിൽ ബാങ്കിന്റെ അറ്റാദായം മുൻവർഷത്തെ 1,675 കോടി രൂപയിൽ നിന്ന് 213.6 ശതമാനം വർധിച്ച് 5,253 കോടി രൂപയായി. ബാങ്കിന്റെ ആസ്തി ഗുണനിലവാരത്തിലും പുരോഗതിയുണ്ടായി. മൊത്തം നിഷ്ക്രിയ ആസ്തി അനുപാതം 3.78 ശതമാനത്തിൽ നിന്ന് 2.78 ശതമാനമായി കുറഞ്ഞു.

ബാങ്കിന്റെ ആഗോള ബിസിനസ് 10.2 ശതമാനം വളർച്ചയോടെ 29.98 ലക്ഷം കോടി രൂപയിലെത്തി. നിക്ഷേപങ്ങൾ 8.5 ശതമാനം വർധിച്ച് 17.24 ലക്ഷം കോടി രൂപയായപ്പോൾ, വായ്പകൾ 12.7 ശതമാനം ഉയർന്ന് 12.73 ലക്ഷം കോടി രൂപയായി. നെറ്റ് പലിശ മാർജിൻ 2.50 ശതമാനമായി മെച്ചപ്പെട്ടു. റീട്ടെയിൽ വായ്പകൾ 17.5 ശതമാനം വളർച്ച നേടിയപ്പോൾ വാഹന വായ്പകൾ 34.4 ശതമാനവും എംഎസ്എംഇ വായ്പകൾ 19.8 ശതമാനവും വർധിച്ചു.

ഡിജിറ്റൽ ഇടപാടുകളിൽ 24 ശതമാനം വളർച്ചയോടെ 365 കോടി ഇടപാടുകളാണ് ഒന്നാം പാദത്തിൽ രേഖപ്പെടുത്തിയത്. പിഎൻബി വൺ ആപ്പിന്റെ സജീവ ഉപയോക്താക്കളുടെ എണ്ണം 270 ലക്ഷമായി ഉയർന്നു. 10,359 ആഭ്യന്തര ശാഖകളും 54,248 ടച്ച് പോയിന്റുകളുമായി ബാങ്ക് ശക്തമായ വിതരണ ശൃംഖല നിലനിർത്തുന്നതായും പിഎൻബി അറിയിച്ചു.

# കോടികളുടെ ലാഭവുമായി ഐആർസിടിസി

**കൊച്ചി:** സ്വന്തമായി ഒരു ട്രെയിൻ പോലുമില്ലെങ്കിലും ഓരോ പാദത്തിലും നൂറുകണക്കിന് കോടി രൂപയുടെ അറ്റാദായവുമായി ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപറേഷൻ കുതിക്കുന്നു.

നിലവിൽ രാജ്യത്ത് റിസർവ് ചെയ്യുന്ന റെയിൽവേ ടിക്കറ്റുകളുടെ 89 ശതമാനവും ഐആർസിടിസി വഴിയാണ് കൈകാര്യം ചെയ്യുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ പ്രതിദിനം ശരാശരി 13.88 ലക്ഷം ടിക്കറ്റുകൾ വിറ്റഴിച്ച കമ്പനി വർഷത്തിൽ 50 കോടിയിലധികം ടിക്കറ്റുകളാണ് പ്രോസസ് ചെയ്തത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com